## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 3465**

**21/12/2012-ൽ മറുപടിക്ക്**

### കുടുംബശ്രീയ്ക്ക് സംസ്ഥാനതല സംയോജിത മേൽനോട്ട സമിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി | | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | |
| (എ) | കുടുംബശ്രീയ്ക്ക് സംസ്ഥാനതല സംയോജിത മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | 7-9-2012 -ലെ സ.ഉ. (സാധാ) നം. 2538/2012/തസ്വഭവ പ്രകാരം കുടുംബശ്രീ സംയോജിത മേൽനോട്ട സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനതല സമിതിയിൽ നിയമ സഭാ പ്രാതിനിധ്യമുള്ള ഓരോ രാഷ്ട്രീയ പാർട്ടിയുടെയും പ്രതിനിധികളായി എത്രപേരെ വീതം ഉൾപ്പെടുത്തിയിട്ടുണ്ട് ; അവർ ആരൊക്കെയാണ് ; | (ബി) | കുടുംബശ്രീ സംയോജിത മേൽനോട്ട സമിതിയിൽ ചുവടെ പറയുന്ന എംഎൽഎമാരെ ഉൾപ്പെടുത്തിയാണ് ഉത്തരവായിട്ടുള്ളത്.<br>1) ശ്രീ എം.വി ശ്രേയംസ്സ് കുമാർ, എം.എൽ.എ., കൽപ്പറ്റ<br>2) ശ്രീ ടി.എൻ പ്രതാപൻ എം.എൽ.എ., കൊടുങ്ങല്ലൂർ<br>3) ശ്രീ. കെ.എം. ഷാജി, എം.എൽ.എ., അഴീക്കോട്<br>4) ശ്രീ പാലോട് രവി, എം.എൽ.എ., നെടുമങ്ങാട്<br>5) ശ്രീ വി.ഡി സതീശൻ, എംഎൽഎ, പറവൂർ<br>6) ശ്രീ. വി.പി. സജീന്ദ്രൻ, എം.എൽ.എ, കുന്നത്തുനാട്<br>7) ശ്രീ ഹൈബി ഈഡൻ, എംഎൽഎ. എറണാകുളം<br>8) ശ്രീ പി.സി വിഷ്ണു നാഥ്, എംഎൽഎ., ചെങ്ങന്നൂർ<br>9) ശ്രീ. അൻവർ സാദത്ത്, എംഎൽഎ, ആലുവ<br>10) ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ, പാലക്കാട്<br>11) ശ്രീ വി.ടി ബൽറാം, എം.എൽ.എ., തൃത്താല<br>12) ശ്രീമതി. ഗീതാഗോപി, എം.എൽ.എ, നാട്ടിക<br>13) പ്രൊഫ. സി രവീന്ദ്രനാഥ്, എം.എൽ.എ., പുതുക്കാട്<br>14) ഡോ. എൻ. ജയരാജ്, എം.എൽ.എ., കാഞ്ഞിരപ്പള്ളി |

| | | | |
|---|---|---|---|
| (സി) | ഏതെങ്കിലും രാഷ്ട്രീയ പാർട്ടി യിൽ നിന്നും നിയമസഭയിലെ പ്രാതിനിധ്യ ത്തിനനുസൃതമായി ട്ടല്ലാതെ എം. എൽ.എ.മാരെ ഉൾപ്പെടുത്തിയിട്ടു ണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ ; | (സി) & (ഡി) | നിയമസഭയിലെ പ്രാതിനിധ്യത്തിനനുസൃതമായിട്ടല്ല എം. എൽ. എ മാരെ ഉൾപ്പെടുത്തിയത്. |
| (ഡി) | നിയമസഭയിൽ ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ള രാഷ്ട്രീയ പാർട്ടിയിൽ നിന്നും എത്ര അംഗങ്ങളെ സമിതിയിൽ ഉൾപ്പെടു ത്തുകയുണ്ടായി ; | | |
| (ഇ) | സമിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ? | (ഇ) | കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തു ന്നതിനും ചിട്ടപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഓരോ പഞ്ചായത്ത്/ നഗരസഭാ പ്രദേശത്തേയും മുഴുവൻ ദരിദ്രർക്കും പാർശ്വവൽകരിക്കപ്പെട്ടവർക്കും ഉപജീവന–അതിജീവന സഹായങ്ങൾ യഥാസമയം ബുദ്ധിമുട്ടുകളും തടസ്സങ്ങളും കൂടാതെ സ്വാഭാവി കമായി ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനും സർക്കാർ വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന സാമൂഹ്യ സുരക്ഷ ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ സംവിധാന ത്തിലൂടെ സംയോജിപ്പിച്ച് മുഴുവൻ അർഹരായവർക്കും അതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനും ഇക്കാര്യത്തിൽ നിലവിലുള്ള സംസ്ഥാന–കുടുംബശ്രീ മിഷനുകൾക്കും സിഡിഎസ് വിലയിരുത്തൽ സമിതികൾക്കും പിന്തുണയും മാർഗ്ഗ നിർദ്ദേശവും നൽകുകയെന്നുള്ളതാണ് കുടുംബശ്രീ സംയോജിത മേൽനോട്ട സമിതിയുടെ മുഖ്യ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ചിട്ടപ്പെടുത്തുന്നതിനുമായി "കുടുംബശ്രീ സംയോജിത മേൽനോട്ട സമിതി" രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ)നം. 2538/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 07/09/2012.

**ഉത്തരവ്**

കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ചിട്ടപ്പെടുത്തുന്നതിനും ചില നടപടികൾ ആവശ്യമാണ്. ഓരോ പഞ്ചായത്ത്/നഗരസഭ പ്രദേശത്തെയും മുഴുവൻ ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ഉപജീവന, അതിജീവന സഹായങ്ങൾ യഥാസമയം ബുദ്ധിമുട്ടുകളും തടസങ്ങളും കൂടാതെ സ്വാഭാവികമായി ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. സർക്കാർ വിവിധ വികസന വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന, സാമൂഹ്യ സുരക്ഷാ ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ സംവിധാനത്തിലൂടെ സംയോജിപ്പിച്ച് മുഴുവൻ അർഹരായവർക്കും അതിന്റെ പ്രയോജനം ലഭ്യമാക്കേണ്ട ഉത്തരവാദിത്വം കൂടി കുടുംബശ്രീ മിഷനുണ്ട്. ആകയാൽ ഇക്കാര്യത്തിൽ നിലവിലുള്ള സംസ്ഥാന, ജില്ലാ കുടുംബശ്രീ മിഷനുകൾക്കും സി.ഡി.എസ്. വിലയിരുത്തൽ സമിതികൾക്കും പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനുള്ള ഒരു സംവിധാനം അനിവാര്യമാണ് എന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടു.

2. മേൽ സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ വികസന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന, സാമൂഹ്യസുരക്ഷാ ഉപജീവന പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനും ഇതിന്റെ ഭാഗമായി ഉണ്ടാകാവുന്ന പ്രായോഗികവും നയപരവുമായ പ്രശ്നങ്ങൾ യഥാസമയം മനസ്സിലാക്കി ശുപാർശകളും മാർഗനിർദ്ദേശങ്ങളും സർക്കാരിന് നൽകുന്നതിനുമായി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി "കുടുംബശ്രീ സംയോജിത മേൽനോട്ട സമിതി" രൂപീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. ശ്രീ. എം. വി. ശ്രേയംസ്കുമാർ എം.എൽ.എ (കൽപ്പറ്റ)
2. ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ (കൊടുങ്ങല്ലൂർ)
3. ശ്രീ. കെ. എം. ഷാജി എം.എൽ.എ (അഴീക്കോട്)
4. ശ്രീ. പാലോട് രവി എം.എൽ.എ (നെടുമങ്ങാട്)
5. ശ്രീ. വി. ഡി. സതീശൻ എം.എൽ.എ (പറവൂർ)
6. ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ (കുന്നത്തുനാട്)
7. ശ്രീ. ഹൈബി ഈഡൻ എം.എൽ.എ (എറണാകുളം)
8. ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ (ചെങ്ങന്നൂർ)
9. ശ്രീ. അൻവർ സാദത്ത് എം.എൽ.എ (ആലുവ)
10. ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ (പാലക്കാട്)

11. ശ്രീ. വി. ടി. ബൽറാം എം.എൽ.എ (തൃത്താല)
12. ശ്രീമതി. ഗീതാഗോപി എം.എൽ.എ (നാട്ടിക)
13. പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ (പുതുക്കാട്)
14. ഡോ. എൻ. ജയരാജ് എം.എൽ.എ (കാഞ്ഞിരപ്പള്ളി)
15. ശ്രീമതി. അരുണ സുന്ദരരാജൻ ഐ.എ.എസ് (എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ, കുടുംബശ്രീ) - കൺവീനർ

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**
**വി. എസ്. സെന്തിൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, കേരളം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
(കമ്മിറ്റിയുടെ ചുമതലകളും പ്രവർത്തനങ്ങളും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം കുടുംബശ്രീ എക്സിക്യൂട്ടീവ് വൈസ്ചെയർമാനുമായി കൂടിയാലോചിച്ച് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കേണ്ടതാണ്)
എല്ലാ അംഗങ്ങൾക്കും (ആമുഖ കത്ത് സഹിതം)
നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

Section Officer.